വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ പ്രയോജനം ലഭിച്ചവർ

141 [598] പ്രൊഫ. കെ. വി. തോമസ് :
ശ്രീ. പി. ജെ. ജോയി :
,, കെ. മുഹമ്മദാലി :
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. ഗവൺമെന്റ് നിലവിൽ വന്നശേഷം എത്രകാലം വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ ഉണ്ടായിരുന്നു ;

(ബി) ഈ പദ്ധതിയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു ;

(സി) ഈ പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് കിട്ടി ;

(ഡി) അവർക്ക് എന്തു തുകയുടെ ആശ്വാസം കിട്ടിയെന്നറിയിക്കാമോ ?

ഉത്തരം

(എ) യു.ഡി.എഫ്. ഗവൺമെന്റ് നിലവിൽ വന്നശേഷം 27-9-2001 മുതൽ 31-3-2005 വരെയുള്ള 42 മാസക്കാലം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ബി) ഈ പദ്ധതിയുടെ പ്രത്യേകതകൾ താഴെ പറയുന്നവയായിരുന്നു :

1. പിഴപ്പലിശയും മറ്റ് ചെലവുകളും ഇളവ് ചെയ്ത് നൽകൽ.
2. ഡോക്യുമെന്റ് നിരക്കോ, നിലവിലുള്ള നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ പലിശ കണക്കാക്കൽ.
3. 1-7-2003 മുതൽ പിഴപ്പലിശ, കൂട്ടുപലിശ, മറ്റ് അനാമത്ത് ചെലവുകൾ ഒഴിവാക്കി സെറ്റിൽമെന്റ് തുകയ്ക്ക് 12 ശതമാനം പലിശ നിരക്കിലോ 1-4-2004 മുതൽ കാർഷികേതര വായ്പകൾക്ക് 11 ശതമാനവും കാർഷിക വായ്പയിൽ 10 ശതമാനം പലിശ നിരക്കിലും അടച്ചു തീർക്കാൻ അനുവദിച്ചു.

(സി) ഈ പദ്ധതിയുടെ പ്രയോജനം 543319 പേർക്ക് ലഭിച്ചു.

(ഡി) 199.02 കോടി രൂപയുടെ ഇളവ് നൽകിയിട്ടുണ്ട്.

വയനാട്ടിലെ കർഷകർക്കെതിരെയുള്ള ജപ്തി

142 [599] ശ്രീ. സി. പി. മുഹമ്മദ്:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത വയനാട്ടിലെ കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തിവച്ചുകൊണ്ട് ഉത്തരവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly